## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4189** **13.12.2018 ൽ മറുപടിക്ക്.**

## വാണിജ്യ നികുതി വകുപ്പിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ

| ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വാണിജ്യ നികുതി വകുപ്പിൽ നിന്നും വിരമിച്ച എത്ര ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞ് വച്ചിട്ടുണ്ട്;ഇതിൽ എത്ര കേസുകൾ ഒരു വർഷത്തിനുമേൽ പഴക്കമുള്ളതാണെന്ന് വ്യക്തമാക്കാമോ; | (എ) | വിജിലൻസ് കേസ് തീർപ്പാക്കപ്പെടാത്തതും വകുപ്പുതല അച്ചടക്കനടപടിയിൽ ഉൾപ്പെടുന്നതുമായ 34 പേർക്ക് പെൻഷൻ ആനുകൂല്യങ്ങൾ പൂർണ്ണമായി (DCRG, പെൻഷൻ കമ്മ്യൂട്ടേഷൻ എന്നിവ) നൽകാൻ കഴിഞ്ഞിട്ടില്ല. എന്നാൽ എല്ലാ കേഡറിലും മാസ പെൻഷനു തുല്യമായ തുക പ്രൊവിഷനൽ ആയി നൽകാറുണ്ട്. ഇതിൽ കോടതി ഉത്തരവ് നൽകിയ കേസുകളിൽ ആയത് പ്രകാരം പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 30 കേസുകൾ ഒരു വർഷത്തിനുമേൽ പഴക്കമുള്ളവയാണ്. |
| (ബി) | സുപ്രീംകോടതിയുടെ വിധിന്യായ പ്രകാരം സർക്കാരിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അവർക്ക് അവകാശപ്പെട്ടതാണെന്നും അവ വ്യക്തമായ ഉത്തരവില്ലാതെ തടഞ്ഞുവെയ്ക്കാൻ പാടില്ലായെന്നും നിഷ്കർഷിച്ചിട്ടുള്ളത് | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | 27.03.2002-ലെ സർക്കാർ ഉത്തരവ് (G.O.(Rt) No.185/2002) പ്രകാരം വിരമിച്ച ജീവനക്കാർക്ക് ഏതെങ്കിലും വിധത്തിലുള്ള ബാധ്യതകൾ ഉള്ള പക്ഷം അവ തിട്ടപ്പെടുത്തി റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കേണ്ടതാണെന്നും പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞുവെയ്ക്കാൻ പാടില്ലാത്തതാണെന്നും ഉള്ള നിർദ്ദേശം അവഗണിച്ച് കൊണ്ട് വാണിജ്യ വകുപ്പിലെ ജീവനക്കാരുടെ അവകാശങ്ങളും ആനുകൂല്യങ്ങളും നിഷേധിക്കുന്ന ഉദ്യോഗസ്ഥരുടെ നിലപാടുകൾക്ക് എതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ? | (സി) | വിജിലൻസ് കേസ്, വകുപ്പുതല അച്ചടക്ക നടപടി എന്നിവയിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ പെൻഷൻ ആനുകൂല്യങ്ങളാണ് തടഞ്ഞുവെയ്ക്കപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ